**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2698** **06-10-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>മലപ്പുറം മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, അതുപോലെ നിലവിലുള്ള സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ Covered Conductor, ഭൂഗർഭ കേബിൾ, എ.ബി. കേബിൾ തുടങ്ങിയ ലൈൻ ഉപയോഗിച്ച് സ്ഥാപിക്കൽ, പുതിയ സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഇന്റർലിങ്കിംഗ് വർക്കുകളും, RDSS, ദ്യുതി സ്പെഷ്യൽ (മലപ്പുറം പാക്കേജ്), ദ്യുതി 2.0 തുടങ്ങിയ പദ്ധതികളായി ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ ദ്യുതി 2.0 പദ്ധതി 2022 മുതൽ നടപ്പിലാക്കി വരുന്നു. 2022-27 കാലയളവിൽ 40.17 കോടി രൂപ മൂല്യത്തിലുള്ള വികസന പ്രവർത്തനങ്ങൾ മലപ്പുറം മണ്ഡലത്തിൽ ദ്യുതി 2.0 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. അതിൽ ഇതുവരെയായി 17.68 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിവരുന്ന 22.49 കോടി രൂപ 2025-26 & 2026-27 എന്നീ സാമ്പത്തിക വർഷങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതാണ്. RDSS പദ്ധതിയുടെ ഭാഗമായി 21.23 കോടി രൂപയുടെ പ്രവൃത്തികൾ എഗ്രിമെൻറ് നടപ്പിലാക്കി ത്വരിതഗതിയിൽ പുരോഗമിക്കുന്നു. മലപ്പുറം സ്പെഷ്യൽ പാക്കേജിൽ 17.81 കോടി രൂപയുടെ പ്രവൃത്തികളാണ് മലപ്പുറം മണ്ഡലത്തിന്റെ കീഴിൽ ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ, 2024-25 സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ ടെൻഡർ സാങ്കേതിക തകരാർ മൂലം റദ്ദാക്കിയിരുന്നു. പ്രസ്തുത വർക്കുകൾ ടെൻഡർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിൻ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>മലപ്പുറം മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിനു കീഴിൽ നടന്നു വരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും **അനുബന്ധം-1** ആയി ചേർക്കുന്നു.<br><br>**അനെർട്ട്**<br><br>സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് സഹായം നല്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ |

<table>
<tr><td></td><td></td><td></td><td>വഴിയാണ് കണ്ടെത്തുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>ഈ പദ്ധതി മലപ്പുറം മണ്ഡലത്തിലും നിലവിലുണ്ട്. എടരിക്കോട്, കോഡൂർ, മലപ്പുറം മുൻസിപ്പാലിറ്റി, പൂകോട്ടൂർ എന്നീ കൃഷിഭവനുകളിൽ പദ്ധതിയുടെ സർവ്വേ നടപടികൾക്കായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായി 70 സൈറ്റുകളിൽ വർക്ക് ഓർഡർ നൽകുകയും അതിൽ 19 എണ്ണം നിർമാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 18 സൈറ്റുകളിൽ സോളാർ പവർ പ്ലാന്റ് വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്.<br><br>മലപ്പുറം മണ്ഡലത്തിൽ അനെർട്ട് നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ അനുബന്ധം-2 ആയി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ;</td><td>(ബി)</td><td>വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീ ഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികൾ മുകളിൽ പ്രസ്താവിച്ച പ്രകാരം വിവിധ പദ്ധതികളിൽ ആയി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. അതിന്റെ വിശദാംശങ്ങൾ താഴെ നൽകിയിരിക്കുന്നു.<br><br>
<table>
<tr><th>സ്കീം</th><th>പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (എണ്ണം)</th><th>പുതിയ ത്രീ ഫേസ് ലൈനുകൾ സ്ഥാപിക്കൽ (കി മി)</th></tr>
<tr><td>ആർ.ഡി.എസ്.എസ്</td><td>7</td><td>21.65</td></tr>
<tr><td>ദ്യുതിസ്പെഷ്യൽ (മലപ്പുറം പാക്കേജ്)</td><td>51</td><td>Nil</td></tr>
<tr><td>ദ്യുതി 2.0 (2022-2027)</td><td>74</td><td>147.35</td></tr>
</table></td></tr>
<tr><td>(സി)</td><td>പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദേശം നൽകുമോ; വിശദമാക്കാമോ?</td><td>(സി)</td><td><u>കെ.എസ്.ഇ.ബി.എൽ.</u><br><br>പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകി ഊർജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br><u>അനെർട്ട്</u><br><br>പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) 2026 മാർച്ച് 31-നകം, പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## മലപ്പുറം മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിനു കീഴിൽ നടന്നു വരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും

| Sl. No. | പദ്ധതിയുടെ പേര് | പുരോഗതി |
|---|---|---|
| 1 | മലപ്പുറം. 110 കെ.വി എയർ ഇൻസുലേററഡ് സബ്സ്റ്റേഷൻ (AIS), 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS), ആക്കി ഉയർത്തുന്ന പ്രവൃത്തി | 74% പുരോഗതി കൈവരിച്ചു. ഡിസംബറിൽ കമ്മീഷൻ ചെയ്യാനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. GIS സബ്സ്റ്റേഷൻ കൺട്രോൾ റൂം ബിൽഡിംഗ് നിർമ്മാണവും, GIS അനുബന്ധ ഉപകരണങ്ങളുടെ സ്ഥാപനവും പൂർത്തീകരിച്ചു. 110 കെ.വി. ഭൂഗർഭ കേബിൾ വാങ്ങി സ്ഥാപിക്കാനുള്ള വർക്ക് ഓർഡർ നൽകി. |
| 2 | 66 കെ വി ഏലച്ചോല-മലപ്പുറം ലൈനിന്റെ ശേഷി 110 കെ.വി.-യായി ഉയർത്തുന്ന പ്രവൃത്തി | 98% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഈ ലൈൻ പൂർത്തീകരിക്കുന്നതു വഴി 220 കെ.വി. സബ്സ്റ്റേഷൻ മാലാപറമ്പിന്റെ ലോഡ് കുറയ്ക്കുകയും 220 കെ.വി. സബ്സ്റ്റേഷൻ എളങ്കൂരിൽ നിന്ന് 110 കെ.വി. സബ്സ്റ്റേഷൻ മേലാറ്റൂർ, മങ്കട എന്നീ സബ്സ്റ്റേഷനുകളെ കാര്യക്ഷമമായി ലോഡ് ചെയ്യാനും സാധിക്കും. |
| 3 | 33 കെ.വി. വള്ളുവമ്പ്രം കിഴിശ്ശേരി ഡബിൾ സർക്യൂട്ട് (RDSS) | 97% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഈ പ്രവൃത്തി 33 കെ.വി. സബ്സ്റ്റേഷൻ വള്ളുവമ്പ്രത്തിന്റെ വിതരണ വിശ്വാസ്യതയും സ്ഥിരതയും കാര്യമായി വർദ്ധിപ്പിച്ച് ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ വൈദ്യുതി വിതരണം ലഭ്യമാക്കുകയും ചെയ്യും. |
| 4. | വള്ളുവമ്പ്രം സബ്സ്റ്റേഷനിൽ 33 കെ.വി. വള്ളുവമ്പ്രം കിഴിശ്ശേരി ഡബിൾ സർക്യൂട്ടിനായുള്ള (RDSS) Bay work | പ്രവൃത്തി പുരോഗമിക്കുന്നു. |
| 5 | ഇൻകൽ സബ്സ്റ്റേഷൻ | മെയ് 2025-ൽ താൽകാലികമായി സബ്സ്റ്റേഷൻ നിർമ്മിച്ച് 2 ഫീഡർ നൽകിയിട്ടുണ്ട്. പൂർണതോതിലുള്ള സബ്സ്റ്റേഷൻ നിർമ്മാണ |

| | | |
|---|---|---|
| | | പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. പ്രവൃത്തികൾ ജനുവരി 2026-ൽ പൂർത്തീകരിക്കാനാകുമെന്ന് വിഭാവനം ചെയ്യുന്നു. |
| 6 | 33 കെ.വി. സിവിൽ സ്റ്റേഷൻ സബ്സ്റ്റേഷൻ | 25.10.2023-ന് ഭരണാനുമതി ലഭിച്ചു. നാമമാത്രമായ ലീസിൽ സബ്സ്റ്റേഷനു വേണ്ട സ്ഥലം ലഭിക്കുന്നതിനു വേണ്ട അപേക്ഷ കെഎസ് ഇ ബി എൽ 22.05.2024-നു ജില്ലാ കളക്ടറുടെ ഓഫീസിൽ സമർപ്പിക്കുകയും തുടർന്ന് 28.05.2024-ന് . ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്ന് ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിലേക്ക് അനുമതിയ്ക്കായി നൽകിയിരിക്കുകയാണെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

**അനുബന്ധം-2**

## **<u>മലപ്പുറം മണ്ഡലത്തിൽ അനെർട്ട് നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ</u>**

| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | **ഇൻസ്റ്റലേഷൻ** | **നിലവിലെ സ്ഥിതി** |
|---|---|---|---|
| 1 | പുൽപ്പറ്റ  ഗ്രാമപഞ്ചായത്ത് കാര്യാലയം | ഓൺ ഗ്രിഡ് സോളാർ പവർ പ്ലാൻറ് | കമ്മീഷൻ ചെയ്തിട്ടുണ്ട് |
| 2 | പൂകോട്ടൂർ -കാരപ്പറമ്പ്, ചെമ്ബ്രമ്മാൾ അംഗനവാടി | ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാൻറ് | കമ്മീഷൻ ചെയ്തിട്ടുണ്ട് |
| 3 | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കാര്യാലയം | ഓൺ ഗ്രിഡ് സോളാർ പവർ പ്ലാൻറ് | കമ്മീഷൻ ചെയ്തിട്ടുണ്ട് |
| 4 | ആനക്കയം | മിനി മാസ്റ്റ് സോളാർ ലൈറ്റ് | കമ്മീഷൻ ചെയ്തിട്ടുണ്ട് |